"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - ആലപ്പുഴ ഡിവിഷനിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ആകാശ് നാരായണന് ശൂന്യവേതന അവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.185/2025/TAXES തീയതി,തിരുവനന്തപുരം, 03-03-2025

---

പരാമർശം:-

1. ശ്രീ.ആകാശ് നാരായണൻ 26/07/2024 -ൽ സമർപ്പിച്ച അപേക്ഷ
2. എക്സൈസ് കമ്മീഷണറുടെ 06/08/2024,04/09/2024, 27/12/2024 തീയതികളിലെ ഇ.എക്സ്.സി/4068/2024/എക്സ്.ഇ8 നമ്പർ കത്തുകൾ.

**ഉത്തരവ്**

ആലപ്പുഴ ഡിവിഷനിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ ആകാശ് നാരായണന് 2025-2026 വർഷങ്ങളിൽ യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്താനിരിക്കുന്ന സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിന്, തിരുവനന്തപുരം ഫോർച്യൂൺ അക്കാദമിയിൽ പരിശീലനത്തിന് പങ്കെടുക്കുവാനായി 10/08/2024 മുതൽ ഒരു വർഷത്തേക്ക് KSR Rule 91 A പ്രകാരം ശൂന്യ വേതന അവധി ലഭിക്കുന്നതിനായി ടിയാൻ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ തുടർനടപടികൾക്കായി എക്സൈസ് കമ്മീഷണർ പരാമർശം (2) പ്രകാരം സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഞ്ച് വർഷമോ അതിൽ കൂടുതലോ തുടർച്ചയായ സർവ്വീസ് പൂർത്തിയാക്കിയ ഉദ്യോഗസ്ഥർക്ക് (അദ്ധ്യാപകർ, ഡോക്ടർമാർ, എൻജിനീയർമാർ എന്നിവർക്ക്) അവരുടെ കർത്തവ്യമേഖലയിലെ ബിരുദാനന്തര ബിരുദ കോഴ്സുകൾ, പ്രാഥമികമായി സംസ്ഥാനത്തിന് പ്രയോജനമുള്ളവ, ചെയ്യുന്നതിനായാണ് കെ.എസ്.ആർ, ഭാഗം 1, ചട്ടം 91 - A പ്രകാരം ശൂന്യവേതനാവധി അനുവദിക്കുന്നത്.

തുടർച്ചയായ മൂന്ന് വർഷത്തിലധികം സേവനമുള്ള അപേക്ഷകന് കെ.എസ്.ആർ ഭാഗം I ചട്ടം 88 പ്രകാരമുള്ള ശൂന്യവേതനാവധിയ്ക്കാണ് അർഹത എന്നതിനാൽ ശ്രീ ആകാശ് നാരായണന് 10/08/2024 മുതൽ 09/08/2025 വരെ പ്രസ്തുത കാലയളവ് ഇൻക്രിമെന്റ് പെൻഷൻ, ഹയർ ഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

ജോയിന്റ് സെക്രട്ടറി

1) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.

2) ശ്രീ ആകാശ് നാരായണൻ ,സിവിൽ എക്സൈസ് ഓഫീസർ.(എക്സൈസ് കമ്മീഷണർ മുഖേന)

3) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം

4) ധന വകുപ്പ്.(EXP-A1/131/2021-FIN dated 23/02/2025 പ്രകാരം)

5) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

6) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 03-03-2025 12:15:55
സെക്ഷൻ ഓഫീസർ